**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 948.

11.06.2014-ലെ മറുപടിയ്ക്ക്

## കടലുകാണി ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.സത്യൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കടലുകാണി (പുളിമാത്ത് പഞ്ചായത്ത്) ടൂറിസം പദ്ധതി നടപ്പിലാക്കാനായി ആകെ എത്ര തുക അനുവദിച്ചിരുന്നുവെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായോയെന്നും പദ്ധതിയ്ക്കായി ഇതുവരെ എന്തു തുക ചെലഴിച്ചുവെന്നും ഈ പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ച ഏജൻസി ഏതാണെന്നും പദ്ധതി നടത്തിപ്പിന്റെ മേൽ നോട്ടം ആർക്കു നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | (എ) കടലുകാണിപ്പാറ ടൂറിസം പദ്ധതിയ്ക്ക് 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തിരുവനന്തപുരം ആണ്. നിർവ്വഹണ ഏജൻസിക്ക് 44 ലക്ഷം രൂപ രണ്ടു ഘട്ടങ്ങളിലായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. View points – 2 nos.<br>2. Vehicle parking.<br>3. Pavilions<br>4. Electrification works<br>5. Walk ways<br>6. Protective fencing<br>7. Public toilet<br>8. Landscaping & signages<br>മേൽ പദ്ധതിയിൽ ചില ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി പൂർത്തീകരിച്ച് വരുന്നു. പദ്ധതി നടത്തിപ്പിന്റെ മേൽ നോട്ടം വഹിക്കുന്നത് തിരുവനന്തപുരം ഡി.റ്റി.പി.സി.യാണ്. |

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോയെന്നും, ഇതിന്മേലുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ